## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 411** **27.09.2016-ൽ മറുപടിയ്ക്ക്**

## വൈദ്യുതി സബ് സ്റ്റേഷൻ വിഭജിക്കുന്നതിന് അംഗീകാരം

ചോദ്യം

ശ്രീ. ആർ. രാമചന്ദ്രൻ :

ഉത്തരം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) 25000 ൽ അധികം ഉപഭോക്താക്കളുള്ള വൈദ്യുതി സബ് സ്റ്റേഷനുകൾ വിഭജിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(എ) ഉപഭോക്താക്കളുടെ എണ്ണത്തിനനുസൃതമായി വൈദ്യുതി സബ്സ്റ്റേഷനുകൾ വിഭജിക്കുന്ന രീതി പ്രായോഗികമല്ല. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്.

(ബി) കരുനാഗപ്പള്ളി നോർത്ത് സബ് സ്റ്റേഷനു കീഴിൽ വരുന്ന പ്രദേശത്ത് നിലവിൽ എത്ര ഉപഭോക്താക്കളുണ്ട്; ജോലി ഭാരം അധികരിച്ച ഈ സബ് സ്റ്റേഷൻ വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) കരുനാഗപ്പള്ളി നോർത്ത് സെക്ഷന്റെ കീഴിൽ 28997 ഉപഭോക്താക്കളുണ്ട്. സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ കരുനാഗപ്പള്ളി നോർത്ത് സെക്ഷന്റെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷൻ വിഭജിക്കുന്നത് ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

| | |
|---|---|
| (സി) ഓച്ചിറ സബ് സ്റ്റേഷനെ വിഭജിച്ച് വള്ളിക്കാവിൽ പുതിയ സബ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) & (ഡി) സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ ഓച്ചിറ സെക്ഷന്റെ കാര്യത്തിലോ കരുനാഗപ്പള്ളി സൗത്ത് സെക്ഷന്റെ കാര്യത്തിലോ പാലിക്കപ്പെടാത്തതിനാൽ ഓച്ചിറ, കരുനാഗപ്പള്ളി സൗത്ത് എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്നത് ബോർഡിന്റെ പരിഗണനയിലില്ല. |
| (ഡി) കരുനാഗപ്പള്ളി സൗത്ത് സബ് സ്റ്റേഷനെ വിഭജിച്ച് വെളുത്ത മണൽ കേന്ദ്രമാക്കി ഒരു പുതിയ സബ് സ്റ്റേഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | |

Hemalekha

**സെക്ഷൻ ഓഫീസർ**